(ബി) ബസ്സിന്റെ കുറവുമൂലം പൊൻകുന്നം യൂണിറ്റിലെ ഒരു ഷെഡ്യൂൾ താൽക്കാലികമായി നിർത്തി വച്ചിട്ടുണ്ട്. അതോടൊപ്പം ഇതര യൂണിറ്റുകളിലും ബസ്സിന്റെ കുറവുമൂലം ചില ദിവസങ്ങളിൽ ചില ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാറില്ല. ടി റ്റൂട്ടിൽ അനുവദിച്ചിട്ടുള്ള 15 ഷെഡ്യൂളുകൾക്ക് 15 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(സി) ബസ്സിന്റെ കുറവുമൂലമാണ് ചില ദിവസങ്ങളിൽ ചില ഷെഡ്യൂളുകൾ നടത്തുവാൻ കഴിയാതിരിക്കുന്നത്. കൂടുതൽ ബസ് ലഭ്യമാകുന്ന മുറയ്ക്ക് സർവ്വീസ് പൂർണ്ണമായും നടത്തുവാൻ കഴിയുന്നതോടുകൂടി ജനങ്ങൾക്ക് ഉണ്ടാകുന്ന യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

കെ.എസ്.ആർ.ടി.സി. കണ്ടക്ടർ നിയമനം

238 (3345) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കണ്ടക്ടർ നിയമനത്തിന് അഡ്വൈസ് മെമ്മൊ ലഭിച്ച് ഒരു വർഷമായിട്ടും നിയമനം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; എത്രപേർക്ക് ഇനി നിയമനം ലഭിക്കാനുണ്ട് എന്നറിയിക്കാമോ;

(ബി) ഇവർക്ക് എന്ന് നിയമനം നൽകുമെന്നും എത്ര ഒഴിവുകളാണ് 2016 മാർച്ച് 31-നകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

ഉത്തരം

(എ) 5-11-2011-ൽ റിസർവ് കണ്ടക്ടർമാരുടെ 8140 ഒഴിവുകൾ കെ.എസ്.ആർ.ടി.സി. കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു. കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടേയും, കണ്ടക്ടർമാരുടെയും ഒഴിവുകൾ നിശ്ചയിക്കുന്നതും ഓപ്പറേറ്റ് ചെയ്യുന്നതും പ്രാബല്യത്തിലുള്ളതുമായ ഷെഡ്യൂളുകൾക്ക് അനുസൃതമായിട്ടാണ്. ആയതനുസരിച്ച് കെ.എസ്.ആർ.ടി.സി.യിൽ 3808 റിസർവ് കണ്ടക്ടർമാരുടെ ഒഴിവുകളാണ് യഥാർത്ഥത്തിൽ ഉണ്ടായിരുന്നത്. ആയതിൽ തന്നെ 1257 എണ്ണം നേരത്തെ കമ്മീഷൻ അഡ്വൈസ് ചെയ്തവർ ജോലിക്ക് ചേരാതിരുന്നതുമൂലം ഉണ്ടായ ഒഴിവുകളാണ്. ഈ ഒഴിവുകളെ സംബന്ധിച്ച് നേരത്തെ തന്നെ കോർപ്പറേഷൻ പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിരുന്നതുമാണ്. സ്ഥിരമായി ഓടിക്കുന്ന ഷെഡ്യൂളുകൾക്ക് പകരം പല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാരണങ്ങളാൽ ഒരിക്കലും ഓടിക്കാത്തതും സ്ഥിരമായി ക്യാൻസൽ ചെയ്യുന്നതുമായ ഷെഡ്യൂളുകളും, തുടർ വർഷങ്ങളിൽ തുടങ്ങാൻ സാധ്യതയുള്ള ഷെഡ്യൂളുകളും കണക്കിലെടുത്താണ് ഒഴിവുകളുടെ എണ്ണം നിർണ്ണയിച്ചതും ആയത് കമ്മീഷനെ അറിയിച്ചിട്ടുള്ളതും. കമ്മീഷൻ അഡ്വൈസ് ചെയ്തതും അഡ്വൈസ് ചെയ്തിട്ടും ജോലിക്ക് ചേരാതിരുന്നതുമായ ഒഴിവുകളും ഈ ഒഴിവുകളോടൊപ്പം കൂട്ടി തെറ്റായ രീതിയിൽ കണക്കെടുപ്പ് നടത്തിയതുമൂലം സംഭവിച്ച പിശകുമൂലമാണ് ഇത്രയും അധികം എണ്ണം ഒഴിവുകൾ കമ്മീഷനെ അറിയിക്കാനിടയായിട്ടുള്ളത്. തെറ്റായി റിപ്പോർട്ട് ചെയ്ത 8140 ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകരുതെന്നും യഥാർത്ഥത്തിൽ ഒഴിവുള്ള റിസർവ് കണ്ടക്ടർമാരുടെ 3808 തസ്തികകളിലേക്ക് മാത്രം നിയമന ശിപാർശ നൽകുവാൻ നടപടി സ്വീകരിക്കാവു എന്നും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനോട് കോർപ്പറേഷനും, ഗവൺമെന്റും അഭ്യർത്ഥിച്ചുവെങ്കിലും ആയത് നിരസിച്ചുകൊണ്ട് കമ്മീഷൻ 9300 പേർക്ക് നിയമന ശിപാർശ നൽകുകയാണുണ്ടായത്. അഡ്വൈസ് ലഭിച്ച 9300 പേരിൽ 8750 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 550 പേർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(ബി) നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. 2016 മാർച്ച് 31-നകം റിപ്പോർട്ട് ചെയ്യാൻ ഒഴിവുകളൊന്നും ഇല്ല.

കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ, കടിശ്ശിക

239 (3346) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാർക്ക് എത്ര മാസത്തെ പെൻഷൻ ഇനിയും നൽകുവാനുണ്ട്; കടിശ്ശിക എന്നത്തേക്ക് കൊടുത്തുതീർക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പെൻഷൻ മുടങ്ങുന്നതുകൊണ്ട് പലരും ബുദ്ധിമുട്ടിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കടിശ്ശികയില്ലാതെ പെൻഷൻ വിതരണം ചെയ്യുന്നതിന് സമഗ്രമായ നയം പ്രഖ്യാപിക്കുമോ?

ഉത്തരം

(എ & ബി) നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ കുടിശ്ശികയില്ല. കെ.എസ്.ആർ.ടി.സി.യിൽ 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ കൃത്യമായി നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയുണ്ടായി. ഇതിനായി ഓരോ